7060

ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ;എം.സി.മോഹൻദാസ്, ഐ.എ.എസ്) 26

(പബ്ളിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)

എൽ.ആർ.(എ)3-4520/15 തീയതി;21-03-2015

വിഷയം;-കേരള മുദ്രപ്പത്രനിയമം 54(2) മുദ്രനിർണ്ണയം-ഉത്തരവു നൽകുന്നത്-സംബന്ധിച്ച്

പരാമർശം;-1. പാലക്കാട് ജില്ലാ രജിസ്ട്രാർ ജനറലിന്റെ 07-03-14-ലെ ജി1/728/14- ാം നം റിപ്പോർട്ട്

2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 22-12-14-ലെ ആർ.ആർ4-7461/14 നം റിപ്പോർട്ട്

കോട്ടായി സബ് രജിസ്ട്രാർ ഓഫീസിലെ പി3/14- ാം നമ്പർ ബന്തവസ്സാധാരത്തിന് മുദ്രസല നിർണ്ണയം സംബന്ധിച്ച് ഉത്തരവിന്മേൽ പരാമർശങ്ങൾ പ്രകാരം റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

റിപ്പോർട്ടും ബന്ധപ്പെട്ട റിക്കാർഡുകളും പരിശോധിക്കുകയുണ്ടായി കോട്ടായി കയ്പോത്തുകുളത്തിൽ നന്ദകുമാരൻ എന്ന നന്ദകുമാർ ടിയാന്റെ ഭാര്യ ജയശ്രീ പേരിൽ എഴുതി കൊടുക്കുന്ന ദാനാധാരമായി പ്രസ്താവിച്ച്, തയ്യാറാക്കിയിട്ടുള്ളതിൽ മുന്നാധാരത്തിൽ നിന്ന് വ്യത്യസ്മായി സർവ്വെ, സബ് ഡിവിഷൻ, പഴയ സർവ്വെ,തണ്ടപ്പേർ, വിസ്തീർണ്ണം എന്നിവ മാറ്റം വരുത്തിയിട്ടുള്ളതിനാൽ ഒരു തെറ്റുതിരുത്താധാരം കൂടി ഉൾപ്പെടുമെന്നും തെറ്റ് തിരുത്തുന്നതു വഴി ഭൗതികമാറ്റം സംഭവിക്കുന്നതിനാൽ കേരള മുദ്രപ്പത്ര നിയമം ആർട്ടിക്കിൾ 21 പ്രകാരം മുദ്രവില ആവശ്യമാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് സബ് രജിസ്ട്രാർ ആധാരം ബന്തവസ്സ് ചെയ്ത് ജില്ലാ രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുള്ളത്.

1992-ലെ 560- ാം നമ്പർ തീറാധാരത്തിൽ വഹകളുടെ പുതിയ സർവ്വെ 558/6 എന്നതിന് പകരം 558/7 എന്ന് ചേർത്തിട്ടുള്ള തെറ്റ് തിരുത്തുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്ര പ്രകാരമുള്ള തഹസിൽദാരുടെ തീർപ്പ് പര്യാപ്തമല്ല. ഇവിടെ വേണ്ടിയിരുന്നത് ഒരു തെറ്റ് തിരുത്താധാരം തയ്യാറാക്കി രജിസ്ടർ ചെയ്യേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഒരാധാരത്തിൽ സംഭവിച്ച പിശകിനെ തിരുത്തേണ്ടത് ഒരു തെറ്റു തിരുത്താധാരം രജിസ്റ്റർ ചെയ്തു തന്നെ വേണം. കൂടാതെ, ടി 1992-ലെ 560- ാം നമ്പർ ആധാരത്തിൽ നിന്നും സർവ്വെ നമ്പരിനും വിസ്തീർണ്ണത്തിനും മാറ്റം സംഭവിച്ചിട്ടുള്ളതിനാൽ ഇവിടെ ഭൗതികമാറ്റം സംഭവിച്ചിട്ടുള്ളതായി തന്നെ പരിഗണിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ടി ബന്തവസ്സാധാരത്തിന് രജിസ്ട്രേഷൻ മാന്വൽ ഉത്തരവ് 250 ബാധകവുമാണ്, കൂടാതെ, 1992-ലെ 560, 1982-ലെ 1420 നമ്പർ ആധാരങ്ങൾ

എഴുതികൊടുത്ത കക്ഷിയല്ല ബന്തവസ്സാധാരത്തിൽ ഒപ്പിട്ടിരിക്കുന്നത്. ഒരാൾ എഴുതികൊടുത്ത ആധാരം വേറൊരു കക്ഷി തിരുത്തുക എന്നത് സാംഗത്യമില്ലാത്ത കാര്യമാകുന്നു

ടി വസ്തുതകൾ പരിഗണിക്കുമ്പോൾ പ്രസ്തുത ബന്തവസ്സാധാരത്തിന് 200000/- രൂപയുടെ ഒരു ദാനാധാരത്തിന് ആർട്ടിക്കിൾ 31(1) പ്രകാരം 1000/-രൂപയും തെറ്റു തിരുത്തുന്നതിലൂടെ ഭൗതികമാറ്റം സംഭവിക്കുന്നതിനാൽ 200000/- രൂപയുടെ തീറാധാരത്തിന് ആർട്ടിക്കിൾ 21(1) പ്രകാരം 5% നിരക്കിൽ 10000/- രൂപയും അടക്കം 11000/- രൂപ ആവശ്യമാണെന്ന പരാമർശം (1) പാലക്കാട് ജില്ലാ രജിസ്ട്രാർ ജനറലിന്റെ അഭിപ്രായത്തെ സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു

(ഒപ്പ്)

കമ്മീഷണർ

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

തിരുവനന്തപുരം

പകർപ്പ്;-1. ജില്ലാ രജിസ്ട്രാർ ജനറൽ, പാലക്കാട് (IGR മുഖാന്തിരം)

2. ഫയൽ/അധികം

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

പുറത്തെഴുത്ത് നമ്പർ RR4-7461/14 രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
തിരുവനന്തപുരം 07/05/15

ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കും അയച്ചു കൊടുക്കുന്നു.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

To

എല്ലാ ജില്ലാ രജിസ്ട്രാർമാർ, സി.സെ.ന്റി.മൾ.